പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2200 | 04.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**വികലാംഗ പെൻഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര തരം വികലാംഗ പെൻഷനുണ്ടെന്ന് അറിയിക്കാമോ; | (എ) | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷനാണ് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനിൽ ഉൾപ്പെടുത്തി നല്കി വരുന്നത്. പ്രസ്തുത പെൻഷനെ 40% മുതൽ 80% വരെ വൈകല്യമുള്ളവർ 80% ത്തിന് മുകളിൽ വൈകല്യമുള്ളവർ എന്നിങ്ങനെ രണ്ട് ഉപവിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. |
| (ബി) | ഓരോതരം വികലാംഗ പെൻഷന്റെയും അർഹത/മാനദണ്ഡങ്ങൾ (വൈകല്യം, തോത്) എന്നിവ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | വികലാംഗ പെൻഷൻ ലഭിച്ച വരുന്നവരിൽ 80% ത്തിൽ താഴെ വൈകല്യം ഉള്ളവർക്ക് പ്രതിമാസം 1200 രൂപയും 80% ഉം അതിനുമുകളിലും വൈകല്യം ഉള്ളവർക്ക് പ്രതിമാസം 1300 രൂപയും വികലാംഗ പെൻഷനായി ലഭിക്കാൻ അർഹരാണ്.<br><br>06.09.1982-ലെ ജി.ഒ.(പി.) നമ്പർ 154/82/LA&SWD ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന ശാരീരിക വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.<br><br>1. അസ്ഥി സംബന്ധമായ വികലാംഗത്വം ഉള്ളവർക്ക് 40 ശതമാനമോ അതിന് മുകളിലോ വികലാംഗത്വം ഉണ്ടായിരിക്കണം.<br><br>2. അന്ധത നിർണ്ണയിക്കുന്നത് കാഴ്ച ശക്തിയും കാഴ്ച മണ്ഡലവും പരിഗണിച്ചാണ്.<br><br>(എ) പൂർണ്ണ അന്ധതയുള്ള വ്യക്തികൾ.<br><br>(ബി) തിരുത്തൽ ലെൻസുകൾ ഉപയോഗിച്ചാലും കാഴ്ച ശക്തി 6/60 അല്ലെങ്കിൽ 20/200 സ്നെല്ലനിൽ കവിയാത്തവർ.<br><br>(സി) കാഴ്ചമണ്ഡലത്തിന്റെ പരിധി 20 ഡിഗ്രിയോ അതിൽ കുറവോ കോണിന് കീഴിലുള്ള വ്യക്തികൾ.<br><br>3. 90 ഡെസിബലിൽ കൂടുതൽ കേൾവിശക്തിക്ക് നഷ്ടം സംഭവിച്ചവർ.<br><br>4. സ്ഥിരമായി മാനസികവൈകല്യമുള്ള, ഐ.ക്യൂ (intelligence quotient) 50-ൽ താഴെയുള്ളവർ |

| | | | |
|---|---|---|---|
| (സി) | ഓരോ തരം വികലാംഗ പെൻഷന്റെയും പ്രായപരിധി, വരുമാനപരിധി എന്നിവ വ്യക്തമാക്കാമോ; | (സി) | നിലവിൽ സംസ്ഥാനത്ത് നൽകി വരുന്ന വികലാംഗ പെൻഷന് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം. |
| (ഡി) | വരുമാന പരിധി നോക്കാതെ അർഹതപ്പെട്ട എല്ലാ വികലാംഗർക്കും/ഭിന്നശേഷിക്കാർക്കും പെൻഷൻ അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | വരുമാന പരിധി നോക്കാതെ എല്ലാ വികലാംഗർക്കും വികലാംഗ പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ